വാർഷിക പദ്ധതിയിൽ ചെലവായ തുക

11 (1475)ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000 ആണ്ടിലെ വാർഷിക പദ്ധതിയിൽ 1999 ഡിസംബർ 31 വരെ എത്ര തുക ചെലവായിയെന്ന് വ്യക്തമാക്കുമോ;

(ബി) ത്രിതല പഞ്ചായത്തുകൾക്കും നഗരപാലികാ സ്ഥാപനങ്ങൾക്കും 1999 ഡിസംബർ 31 വരെ എത്ര തുക നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) ഈ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതിയിൽ തന്നാണ്ടിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്?

ഉത്തരം

(എ) 1551.63 കോടി രൂപ.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 312.89 കോടി രൂപ നൽകിയിട്ടുണ്ട്.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 1999-2000 വാർഷിക പദ്ധതിയിൽ 1020 കോടി രൂപ ഗ്രാന്റിനത്തിൽ വകയിരുത്തിയിട്ടുണ്ട്.

പദ്ധതിയിനത്തിൽ ചെലവഴിച്ച തുക

12(1476) ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും പദ്ധതിയിനത്തിൽ വകയിരുത്തിയ തുകയിൽ കേന്ദ്ര വിഹിതം എത്ര വീതമായിരുന്നു;

(ബി) ഓരോ വർഷത്തേയും പദ്ധതിയ്ക്ക് കേന്ദ്രത്തിൽ നിന്നും ഗ്രാന്റായും ലോണായും എന്തു തുക വീതം കിട്ടി; ഇതിൽ എത്ര തുക വീതം ഓരോ വർഷവും ചെലവഴിച്ചു?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1998-97 മുതൽ 1999-2000 വരെയുള്ള നാല് വാർഷിക പദ്ധതികളിൽ വകയിരുത്തിയ തുകയിലെ കേന്ദ്ര വിഹിതം ചുവടെ ചേർക്കുന്നു.

വർഷം	കേന്ദ്രവിഹിതം നീക്കിവെച്ചത് (കോടിയിൽ)
1996-97	598.80
1997-98	804.55
1998-99	768.30
1999-2000	873.80

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

വാർഷിക പദ്ധതിയുടെ അടങ്കൽ തുക

13 (1477) ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000 വർഷത്തെ വാർഷിക പദ്ധതിയുടെ അടങ്കൽ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എന്തു തുക ക്യാപ്പിറ്റൽ അക്കൗണ്ട് ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) 1998-99 സാമ്പത്തിക വർഷത്തേക്കാൾ എത്ര ശതമാനമാണ് 1999-2000 വർഷത്തെ പദ്ധതിയിൽ അടങ്കൽ വർദ്ധനവ് വന്നിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 3250 കോടി രൂപ.

(ബി) 62003.78 ലക്ഷം രൂപ.

(സി) 4.8 ശതമാനം.

വാർഷിക പദ്ധതിയുടെ അടങ്കൽ തുകയിൽ കുറവ്

14 (1478) ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000 വർഷത്തെ വാർഷിക പദ്ധതിയുടെ അടങ്കൽ തുകയിൽ കേന്ദ്രഗവൺമെന്റ് എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതിയിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) പ്രസക്തമല്ല.

ഇൻഫർമേഷൻ ടെക്നോളജി

15(1481) ശ്രീ. ടി.കെ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly